# സ്ക്കൈലാബ്




കുട്ടിപ്പട്ടങ്ങളുടെ ഡിജിറ്റൽ മാഗസിൻ

little KITEs

# ആമുഖം

പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ ഹൈസ്ക്കൂളുകളും ഡിജിറ്റൽ സാങ്കേതിക വിദ്യ ഉൾക്കൊള്ളുന്ന Hi-Tech ക്ലാസ്മുറികളായി മാറിക്കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ് മുറിയുടെ എല്ലാസാധ്യതകളും വിദ്യാർത്ഥികൾക്കും,അധ്യാപകർക്കും പ്രാപ്യമാകണം എന്ന ലക്ഷ്യത്തോടെ കേരളത്തിലെ ഹൈസ്ക്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥിക്കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ് ". IT രംഗത്ത് ഉയർന്ന വൈദഗ്ധ്യം പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ക്ലാസുമുറിയിലെ Digital സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.

പുല്ലാനൂർ ഗവ :ഹൈസ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് " ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനാണ് "സ്കൈലാബ്". കുട്ടികളുടെ വൈദഗ്ധ്യവും,സർഗസൃഷ്ടികളും മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പുറത്തിറക്കുന്ന സംരംഭമാണിത്. കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ ചിത്രങ്ങൾ, സർഗാത്മക രചനകൾ, സ്കൂളുമായി സംബന്ധിക്കുന്ന വാർത്തകൾ, മികവുകളെ സൂചിപ്പിക്കുന്ന അടയാളങ്ങൾ, സ്കൂളിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിൻ നിങ്ങളുടെ അറിവിനും, പ്രോത്സാഹനത്തിനുമായി നിങ്ങളിലേക്കെത്തിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ഈ സംരംഭവുമായി സഹകരിച്ച എല്ലാ വിദ്യാർത്ഥികളോടും അധ്യാപകരോടും, സാങ്കേതിക സഹായം നൽകിയവരോടും ഞങ്ങൾക്കുള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

എഡിറ്റർ

**നസ്‌ല**

## സന്ദേശം

പുല്ലാനൂർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റസ് ഐ.റ്റി. ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൈലാബ് മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അറിവിന്റെ പുതിയ ചക്രവാളം തേടി നടക്കുന്ന ഈ കാലഘട്ടത്തിൽ ഐ.റ്റി. സാങ്കേതികവിദ്യ പരമാവധി ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ് - SUMA B



കൈറ്റ് മാസ്റ്റർ -VINEESH P



കൈറ്റ് മിസ്ട്രസ്സ് - KOMALAVALLY P



## ഉള്ളടക്കം

ആമുഖം....2
നന്മകൾ വിരിയുന്ന കാലം....6
അനുഭവിക്കും നമ്മൾ....8
മരണ മഴ !....10
നന്മയുടെ പുഞ്ചിരികൾ....11
നാളേക്ക് ബാക്കിയായി ഈ പ്രകൃതി കാണുമോ?....12
ചിന്നു കുരങ്ങനും ബാലു കരടിയും....14
ചില്ലകൾ....15
നന്മയുടെ പൂക്കൾ വിടർന്ന ഇലഞ്ഞി മരം....16
തോരാമഴ....18
ഭൂമിയിലേക്ക് ഇറങ്ങുന്ന പവിഴമുത്തുകൾ....19
മഹദ്‌വചനങ്ങൾ....20
പ്രശസ്ത കവിതാശകലങ്ങൾ....22
ഭൂമിയുടെ കാർമേഘം....26
മലയാള ചെറുകഥ....27
മായത്ത പൂമൊട്ട്....31
മായാത്ത പ്രകൃതി പാഠങ്ങൾ....32
വാർമേഘതാരം....33
സൗഹൃദമുള്ള കൂട്ടുകാരി....35
ശ്രമിക്കുക! വീണ്ടും ശ്രമിക്കുക!....36
വിദ്യാഭ്യാസത്തിൽ വാർത്താവിനിമയങ്ങളുടെ പങ്ക്....38
പ്രളയ മഴ....40

STUDENT EDITORS:

CHIEF EDITOR :NESLA

VAISHNAV T

AJAILAL

ANAL

ATHUL

MAJID MANSOOR

MUHAMMED FARHAN

SHAMIL

കഥ


# നന്മകൾ വിരിയുന്ന കാലം.

ഓണവധിക്ക് അവർ വിരുന്നുപോയി. ചാലിയാർ പുഴയുടെ അടുത്തായിരുന്നു അവരുടെ വീട്. അവർക്ക് അതിൽ പ്രിയപ്പെട്ടവനായിരുന്നു ബാലുക്കുട്ടൻ. ബാലുക്കുട്ടനും അവന്റെ അച്ഛനും, അമ്മയും സഹോദരിയുമായിരുന്നു ആ കുടുംബം. ബാലുക്കുട്ടനും ആ വീട്ടിൽ താമസിക്കാനായിരുന്നു വന്നത്.പടിക്കൽ കാർ നിർത്തി. ബാലുക്കുട്ടനും സോദരിയായ അമ്മുവും അമ്മായിയെ കെട്ടിപ്പിടിച്ചു. ബാഗും പെട്ടിയുമായി ബാലുക്കുട്ടന്റെ അമ്മയും അച്ഛനും കാറിൽ നിന്ന് ഇറങ്ങി. ബാലുക്കുട്ടന് അവിടത്തെ അന്തരീക്ഷം നന്നായി പിടിച്ചു. പിറ്റേദിവസം ബാലുക്കുട്ടനും അമ്മായിയുടെ മകളായ ചിന്നുവും ഷട്ടിൽ കളിക്കുകയായിരുന്നു. ചാലിയാർ പുഴയുടെ ഓളങ്ങൾ വീടിന്റെ മുറ്റത്തേക്ക് ഇരമ്പി കയറുന്നുണ്ടായിരുന്നു. ബാലുക്കുട്ടന് ഒരു ആഗ്രഹം. തോണിയിൽ അക്കരെ കടക്കണം. അവൻ അച്ഛനോടും അമ്മയോടും പറയാതെ ചിന്നുവിനെയും കൂട്ടി ചാലിയാർ പുഴയിലേക്ക് പോയി. അവർ രണ്ടുപേരും തോണിയിൽ കയറി തുഴയാൻ തുടങ്ങി. അങ്ങനെ തുഴഞ്ഞ് തുഴഞ്ഞ് ചാലിയാർ പുഴയുടെ നടുവിലെത്തി. അവർ ഓരോന്നും പറഞ്ഞുതുടങ്ങി. നേരം പോയത് അറിഞ്ഞില്ല. നേരം സന്ധ്യമയങ്ങുന്നു. ബാലുക്കുട്ടൻ പറഞ്ഞു, വീട്ടിൽ ഇപ്പോൾ അച്ഛനും അമ്മയും നമ്മളെ തിരയുന്നുണ്ടാകും. പുഴയുടെ ഒഴുക്ക് വർദ്ധിക്കുന്നു. അങ്ങനെ ചിന്നുവും പേടിക്കാൻ തുടങ്ങി.

തോണിയുടെ പങ്കായം തുഴയുന്നത് നിർത്തിയപ്പോൾ തോണി ഒഴുക്കിൽപ്പെട്ട് മറ്റു

ദിശയിലേക്ക് അതിശക്തമായി നീങ്ങാൻ തുടങ്ങി. ബാലുക്കുട്ടനും ചിന്നുവും ആർത്ത് കരയുന്നു. തോണി മരത്തടിയിൽ തട്ടി മറിഞ്ഞുപോയി. ചിന്നുവിന് നീന്താൻ അറിയാമായിരുന്നു. അതുകൊണ്ട് ചിന്നു ബാലുവിനെ രക്ഷപ്പെടുത്താൻ നോക്കി. രണ്ടുപേരും ഒഴുകി വന്ന മരത്തടിയിൽ പിടിച്ചു. മരത്തടി ഒഴുകുന്നു. ചിന്നുവിന്റെയും ബാലുക്കുട്ടന്റെയും കരച്ചിൽ കേട്ടിട്ട് അടുത്തുള്ള കടത്തുകാരൻ ഓടിവന്നു. അയാൾ കുട്ടികളെ രക്ഷിച്ചു. തന്റെ മരണത്തെ വെല്ലുവിളിച്ചാണ് അയാൾ കുട്ടികളെ രക്ഷപ്പെടുത്തിയത്.അവർ വീട്ടിൽ എത്തി. അമ്മയും അച്ഛനും അമ്മായിയും പേടിച്ചിരിക്കുകയായിരുന്നു. അച്ഛൻ എന്നെ ശകാരിച്ചു, തല്ലി. അന്ന് രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഞാൻ ഓർത്തു. "നന്മകൾ വിരിയുന്ന കാലം" ഇനിയുമുണ്ടാകുമെന്ന്. പിറ്റേ ദിവസം രാവിലെ ചാലിയാർ പുഴയുടെ ഓളങ്ങൾ ഇരമ്പുന്നതു കാണാൻ ഞങ്ങൾ പോയി...

ശരത്ത്കുമാർ പി




# അനുഭവിക്കും നമ്മൾ

ദൈവം തന്ന വരദാനമാണ് നമ്മൾ ഈ കാണുന്ന പ്രകൃതി. കാടും, മലയും, നദികളും എല്ലാം. ഇവയെല്ലാം ഇപ്പോൾ നശിച്ച കൊണ്ടിരിക്കുകയാണ്. പക്ഷേ പ്രകൃതി നശിക്കാൻ കാരണം നമ്മളാണ്.നമ്മുടെ ദുഷ്പ്രവൃത്തിമൂലമാണ്. വയൽ നികത്തൽ, മണൽ വാരൽ, വനനശീകരണം, ഖനനം എന്നിവയെല്ലാം പ്രകൃതിയെ ചൂഷണത്തിന് വിധേയമാക്കുകയാണ്.

ഇപ്പോഴുള്ള തലമുറ മണ്ണിനെ ഒരു മലിന വസ്തുവായാണ് കാണുന്നത്. അതിൽ കളിക്കുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. ഈ മണ്ണിനെ അവർ വെറുക്കുന്നു. മണ്ണിന്റെ വില അവർ തിരിച്ചറിയുന്നില്ല.

ശരത്ത്കുമാർ പി



കവിത

## മരണ മഴ !


മഴ നീ കോരിചൊരിയുന്നതെന്തേ......!
നിന്റെ കലിപ്പ് എന്തിനാണെന്നേ....
ഞാനെന്ത് ചെയ്തു?
എന്റെ സമൂഹമെന്തു ചെയ്തു?
എന്തിനാണിത്ര രോഷം!
ചോദ്യങ്ങൾക്കു മുമ്പിൽ ഉത്തരം
കിട്ടാത്തൊരു ചോദ്യം?
ഹേ.......മഴ...
എന്തിന് നീ എനിക്ക്
ഇത്തരമൊരനുഭവം തന്നു
പട്ടുമെത്തയിൽ കിടന്നയെന്നെ
നീ എന്തിനീ മഴവെള്ളപ്പാച്ചിലിൽ
ഒറ്റയ്ക്കാക്കി.....
എന്തിനു നീ എന്നെ
എടുത്തെറിഞ്ഞു
അതാ.....പോകുന്നവൾ
മഴയെത്തേടി......
എവിടുന്ന് വന്നു നീ
എന്തിനീ കൃത്യം
മുഖം കറുപ്പിച്ച മഴയോട്
ദയനീയമായി ആ ചോദ്യം!?
ഉറ്റവരെ കൊണ്ടു പോയി
എന്തിന് പെറ്റവരെ പോലും!
നീ.........
ഈ ക്രൂര മനസ്സിനുടമ
മഴ...........
അവളിതാ......ആ സംഭവം
തന്റെ വരികൾക്കുള്ളിലാക്കുമ്പോൾ
അതാ.....ആ ക്രൂരമുഖം
അവളെ എത്തി നോക്കി പടിവാതിലിൽ
വീണ്ടുമൊരു ചോദ്യം!
ഹേ.....മഴയേ......
ഒരു നിമിഷം
ഞാൻ നിന്നെ വരികൾക്കുള്ളിലാക്കിയാൽ
നീ വീണ്ടും വരുമോ.....?
അവന്റെ പൊട്ടിച്ചിരി പോലൊരു
ശബ്ദം.....ഠോ....!
അതൊരു ഇടിയായിരുന്നു അവൾക്കുള്ള
പേ....മഴ....
എന്നിൽ നിന്നും
എന്റെ മനസ്സിൽ നിന്നും
അങ്ങകലെ.....
തേടാത്ത തീരം തേടി
തന്റെ വെളുത്ത പേപ്പറിൽ
അവൾ അതെഴുതുമ്പോഴതാ...
മഴത്തുള്ളിയായ് കണ്ണുനീർ
അവളുടെ വെളുത്ത മഴ തുള്ളിയായ്
നിന്നിൽ കണ്ടു ഞാൻ ... ആ...
മരണ മഴയുടെ മുഖം......
അവൾ തന്റെ പേജിന്റെ
അവസാന ഭാഗത്ത് പേരെഴുതി
മഴ പേടി......
നടന്നകന്നാ.... മഴ പേടിയിൽ നിന്നവൾ



കഥ

# നന്മയുടെ പുഞ്ചിരികൾ

അതിമനോഹരമായ പുൽമേടുകളുള്ള സുന്ദരമാം ഗ്രാമം. ചെടികളുള്ള സ്ഥലം. ചേച്ചി ചെടികൾക്ക് വെള്ളമൊഴിച്ചു കൊടുക്കുന്നു. അനു ചേച്ചിയുടെ അടുത്തു ചെന്നു. അവിടെ കുറെ പയർ വിത്തുകൾ മുളച്ചിരുന്നു. അനു ചേച്ചിയുടെ അടുത്തു വന്നു ചോദിച്ചു; "ചേച്ചി ഈ പയർ വിത്തുകൾ എന്തിനാ സ്വയം മുളച്ച് അതിൽ നിന്ന് കിട്ടുന്ന പയർ നമുക്ക് തരുന്നത് . അതിന് വേണ്ടേ"? അതിന്റെ പയർ മണികൾ? അത് .. അനൂ... ദൈവം സൃഷ്ടിച്ച എല്ലാം അങ്ങനെ തന്നെയാ. അവർ അവരുടെ നല്ലത് മാത്രമേ നമുക്ക് തരുകയുള്ളൂ. അനൂ, ചായ കുടിക്കണ്ടേ? അമ്മ അകത്ത് നിന്ന് ചോദിക്കുന്നു. അമ്മേ ചായ കുടിക്കാൻ പാടില്ല . അത് കേടാ...
അനു മറുപടി പറഞ്ഞു . നീയെങ്ങാനും ഇനി ചായ കുടിക്കാൻ വാ.. എന്നും പറഞ്ഞ് അമ്മ അകത്ത് പോയി. അനു കാക്കച്ചികളുടെ കൂടുകാണാൻ വേണ്ടി ഒരു നീളമുള്ള കോലെടുത്ത് വീടിന്റെ അരികത്തുള്ള പ്ലാവ് മരത്തിൽ കുത്തി. കാക്കച്ചിയുടെ കൂട്ടിൽ ഒരു കുഞ്ഞുണ്ടായിരുന്നു. കാക്കച്ചികൾ എല്ലാം വന്നു. എന്നിട്ട് അനുവിന്റെ പിന്നാലെ കൂടി. അനു ഓട്ടടാ ഓട്ടം. അമ്മയെ ഉറക്കെ വിളിച്ചു. അവൻ വീടിന്റെ ഉമ്മറത്തേക്ക് ചാടി. അമ്മ ഓടി വന്നു. അമ്മേ തളർന്നു. അനു പറഞ്ഞു. എന്താ അനു പറ്റിയത്? അമ്മ ചോദിച്ചു? അത് അമ്മേ, അവൻ പ്ലാവ് മരത്തിലെ കാക്കച്ചിക്കൂട് കലക്കി. കാക്കച്ചികളെല്ലാം അവന്റെ പിന്നാലെ കൂടി. ചേച്ചി മറുപടി പറഞ്ഞു,"അങ്ങനെ ചെയ്യാൻ പാടില്ല, അനൂ ഞാൻ നിന്നോട് നന്മകൾ ചെയ്യാൻ മാത്രമല്ല പറഞ്ഞ് തന്നിട്ടുള്ളത്." അമ്മ പറഞ്ഞു. അമ്മേ, ദാഹിക്കുന്നു ചായ. അനു പറഞ്ഞു. ചായകുടിക്കാൻ പാടില്ലാലോ! അനുവിനെ കളിയാക്കി അമ്മയും ചേച്ചിയും പറഞ്ഞു. എല്ലാവരും ചിരിച്ചു. നന്മയുടെ ചിരികൾ വിടർന്നു. അവരുടെ രാവിലത്തെ ചായകുടി കഴിഞ്ഞ് അവർ സ്കൂളിലേക്ക് പോകാൻ തയ്യാറെടുക്കുകയായിരുന്നു. അവർ സ്കൂളിൽ പോകുമ്പോൾ ഒരു കുഞ്ഞു കുളത്തിൽ മീനുകളെ കണ്ടു. ഫെബ്രുവരി മാസമായതിനാൽ വെള്ളം കുറയുന്നു. അവർ ആ മീനുകളെ നോക്കി. അവ മരണത്തോട് മല്ലിടുകയാണ്. അവർ പറഞ്ഞു: "നമ്മുക്ക് ഇവയെ രക്ഷിക്കണം. പക്ഷെ സ്കൂളിൽ കൊണ്ടു പോകാൻ പറ്റില്ലല്ലോ"? സ്കൂൾ കഴിഞ്ഞ ശേഷം അവർ മീനുകളെ സ്വന്തം കുപ്പിയിൽ ഇട്ട് വീട്ടിൽ കൊണ്ടു പോയി. അവർ അവരുടെ കിണറ്റിൽ നിക്ഷേപിച്ചു. ഇക്കാര്യം സന്തോഷത്തോടെ അമ്മയോട് പറഞ്ഞു. അമ്മ പറഞ്ഞു: ഇതാണ് 'നന്മയുടെ പൂക്കാലം' അല്ലാതെ ഓണമല്ല.അന്ന് അനുവിന്റേയും മീനുവിന്റേയും
സന്തോഷ ദിവസമായിരുന്നു.അവർ ആ ദിവസത്തെ പ്രധാനമായി കണ്ടു.അവർ 'നന്മയുടെ പൂക്കാലം' എന്ന തലക്കെട്ടിൽ ആ ദിവസത്തെ ഡയറി എഴുതി.



പ്രസീൻ

ഉപന്യാസം

# നാളേക്ക് ബാക്കിയായി ഈ പ്രകൃതി കാണുമോ?

പ്രകൃതി നമ്മുടെ അമ്മയാണ്, നന്മയാണ്, സത്യമാണ്, അനുഗ്രഹമാണ് എല്ലാമെല്ലമാണ്. പ്രകൃതിയുടെ സൗന്ദര്യം വേണ്ടുവോളം ഉപയോഗിച്ചിരുന്നവരാണ് നാം. പ്രകൃതിയുടെ മടിത്തട്ടിൽ വളർന്നവരാണ് നാമല്ലാം. പ്രകൃതിയുടെ ദാനമാണ് നാം. പ്രകൃതിയും മനുഷ്യനും തമ്മിൽ അമ്മ മക്കൾ ബന്ധമാണ്. ആ അമ്മയുടെ തലോടലിൽ വീണുമയങ്ങിയവരാണ് നാമല്ലാം.

ആധുനിക മനുഷ്യന് പ്രകൃതിയുമായുള്ള ബന്ധം ഇന്ന് വളരെ അധികം കുറഞ്ഞുവരുകയാണ്. പ്രകൃതി ധാതുക്കൾ അത്യാഗ്രഹത്താൽ അതിരു കടന്ന് ഉപയോഗിക്കുകയാണ് നാം ഇന്ന്. പ്രകൃതിയിലെ എല്ലാം നാം കയ്യേറ്റം ചെയ്യുകയാണ്. ഒന്നിനെപോലും വെറുതെ വിടാതെ മലയായ മലയെല്ലാം ഇടിച്ച നികത്തി പാടങ്ങളൊക്കെ ഇന്ന് കാണാൻ പോലും കഴിയാത്ത അവസ്ഥയായിരിക്കുകയാണ്. എല്ലാം മണ്ണിട്ട് നികത്തി വലിയ വലിയ ഫാക്ടറികളും മറ്റും നിർമ്മിച്ച് പ്രകൃതിയുടെ സൗന്ദര്യത്തെ അടിച്ച് അമർത്തുകയാണ് നാം.

പ്രകൃതിയുടെ സൗന്ദര്യം അതിന്റെ പച്ചപ്പിലാണ് ഏറ്റവും അധികം കാണാൻ സാധിക്കുന്നത്. എന്നാൽ ഇന്ന് പച്ചപ്പ് എന്നത് ചുരിങ്ങിയ സ്ഥലങ്ങളിൽ മാത്രമാണ് കാണാൻ കഴിയുന്നത്. ബാക്കിയെല്ലായിടത്തും പൊടിയും മാലിന്യങ്ങളും എല്ലാം കൊണ്ടും വളരെ ദുർബലമായിരിക്കുന്ന അവസ്ഥയാണ്.

പണ്ടുള്ള മനുഷ്യർ പ്രകൃതിയെ വളരെ വ്യക്തമായി അറിഞ്ഞിരുന്നു. പ്രകൃതിയിലെ ഓരോന്നിനേയും വളരെ അടുത്ത് മനസ്സിലാക്കിയിരുന്നു. പക്ഷികളേയും, മരങ്ങളേയും, പൂക്കളേയും, പുഴകളേയും, എല്ലാമെല്ലാം. അവ മനുഷ്യനുമായി സംസാരിക്കും എന്നൊക്കെ ചില പഴമക്കാർ പറയുമായിരുന്നു. ഇവയെല്ലാമായിരുന്നു അവരുടെ കൂട്ടുകാർ. ഈ ലോകത്ത് വാഹനങ്ങളോ, ടി.വിയോ, മൊബൈൽ ഫോണോ, തുടങ്ങിയ ആധുനിക വസ്തുക്കളൊന്നും ഉണ്ടായിരുന്നില്ല. എന്തിന് "വിമാനം" തന്നെ വല്ലപ്പോഴും കണ്ടാലായി. അതല്ലാം തന്നെ അന്ന് കൗതുക വസ്തുക്കളായിരുന്നു. പർവതങ്ങളും പുഴകളും എല്ലാം അവരുമായി സൗഹൃദ സംഭാക്ഷണങ്ങളിൽ വരെ ഏർപ്പെട്ടിരുന്നു. നമ്മുടെ പരിഭവങ്ങൾ പ്രകൃതിയോട് പങ്കുവെച്ചും പ്രകൃതിയുടെ സന്തോഷവും പരിഭവവും നമ്മളുമായി പങ്കുവെച്ചും വളരെ ശാന്തവും ലളിതവുമായിരുന്ന ജീവിതമാണ് നയിച്ചിരുന്നത്. വെള്ളവും ഭക്ഷണവും എല്ലാം പ്രകൃതി തന്നെ നമുക്ക് നൽകുമായിരുന്നു. പഴമക്കാർ പറയുന്നത് വളരെ വ്യക്തമാണെന്ന് നമുക്ക് വ്യക്തമാക്കി തന്നിരിക്കുകയാണിന്ന്.

പ്രകൃതിക്കും എല്ലാം കാണാനും കേൾക്കാനുമുള്ള കഴിവുണ്ട്. അത് നാം ആധുനിക

മനുഷ്യർ മനസ്സിലാക്കിയിട്ടില്ല എന്നതാണ് നമ്മുടെ ഏറ്റവും വലിയ പോരായ്മ. അതിനാൽ പ്രകൃതി നമുക്ക് തെളിയിച്ചു തന്നിരിക്കുകയാണ്. ചില സംഭവങ്ങളാൽ അതിനെ മറ്റു പദത്താൽ പരാമർശിക്കുകയാണ് പ്രകൃതി "ദുരന്തം". പ്രകൃതി ദുരന്തം എന്നാലെന്താണെന്ന് നാം യഥാർത്ഥത്തിൽ അറിയേണ്ടത്. അത് നാം പ്രകൃതിയോട് ചെയ്യുന്നതിന്റെ മറുപടിയാണ്. പ്രകൃതി നമുക്ക് പല വഴികളാൽ മനസ്സിലാക്കി തരുന്നത്. അത് ചിലപ്പോൾ

മഴയാകാം, മണ്ണിടിച്ചിലാകാം അങ്ങിനെ പല രീതിയിലാകാം. അതിന്റെ ഫലമായി പല ദുരന്തങ്ങൾ മനുഷ്യർക്കും സംഭവിക്കാറുണ്ട്. അത് വഴി പലരുടേയും ജീവൻ വരെ നഷ്ടപ്പെടാറുണ്ട്. അന്ന് നാം വളരെ കരച്ചിലും മറ്റുമാകും. നമ്മുടെ ആ കരച്ചിൽ കാണാൻ ഒരുപാട് പേരുണ്ടാകും. എന്നാൽ നാം പ്രകൃതിയോട് ചെയ്യുന്ന കൊടും അത്യാചരങ്ങൾക്ക് സാക്ഷിയായി ആരുണ്ട്? പ്രകൃതിയുടെ കണ്ണുനീരിന് ദൃസാക്ഷിയായി ആരുണ്ട്? പ്രകൃതിയുടെ ഈ ദാരുണ അവസ്ഥക്കുള്ള പ്രതികാരമാണ് പ്രകൃതി നമുക്ക് തിരിച്ച് തരുന്നത്. പ്രകൃതിയുടെ നന്മയാൽ പ്രകൃതി ദ്രോഹങ്ങളെയെല്ലാം ഒരു പരിധി വരെ സഹിച്ചു. ഒന്നും പ്രതികരക്കാതെ. എന്നാൽ അതിനുമില്ലെ ഒരു പരിധി എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഈ അടുത്ത് നമ്മുടെ കൊച്ചു കേരളത്തിൽ സംഭവിച്ച "പ്രളയം". ആ പ്രളയം നമുക്ക് ഒത്തിരി പാഠങ്ങളാണ് നൽകിയത്. ഈ ഒരു ദുരന്തത്താൽ എല്ലാം അവസാനിച്ചു. എന്നാൽ നാം ഇപ്പോഴും മനസ്സിലാക്കുന്നില്ല. ഇത് കൊണ്ടൊന്നും അവസാനിച്ചിട്ടില്ല. ഈ കഴിഞ്ഞ ദുരന്തത്തിൽ നാം എന്തെല്ലാം അനുഭവിച്ചു. വെള്ളത്താൽ ഒരു സമുദ്രം പോലെ നമ്മുടെ കൊച്ചു കേരളം മാറി.

ഈ കഴിഞ്ഞതെല്ലാം ഒരു മുന്നറിയിപ്പായാണ് നാം കാണേണ്ടത്. ഇതിലും വലിയ ഒരുപാട് കാര്യങ്ങൾ പ്രകൃതിക്ക് നമ്മെ പടിപ്പിക്കാനും തെളിയിക്കാനുമുണ്ടെന്ന ഒരു വലിയ പാഠം നമുക്ക് മുന്നിലുണ്ടെന്ന് നാം ഒരോരുത്തരും എന്നെന്നും ഓർമ്മിക്കേണ്ടതുണ്ട്.



ഗീതു. കെ

കഥ

# ചിന്നു കുരങ്ങനും ബാലു കരടിയും

ഒരിക്കൽ ഒരിടത്ത് ചിന്നു എന്ന പേരുള്ള ഒരു കുരങ്ങനുണ്ടായിരുന്നു. ചിന്നു എന്നും അതിരാവിലെ എഴുന്നേറ്റു വേട്ടയ്ക്കു പോകും. എന്നും അവൻ തനിക്ക് ഇഷ്ടമുള്ള പലഹാരം തിന്നുകയും കുറച്ചു വീട്ടിലേക്കു കൊണ്ടു വരുകയും ചെയ്യും. ഒരിക്കൽ ചിന്നു കുരങ്ങന്റെ അമ്മയും അച്ഛനും പറഞ്ഞു. നിനക്ക് എന്നും ഭക്ഷണം കൊണ്ടുവരാൻ പ്രയാസമായിരിക്കും, അതുകൊണ്ട് ഞാനും വരാം. അപ്പോൾ ചിന്നു പറഞ്ഞു: "വേണ്ട അമ്മേ, അച്ഛന് വയസ്സായി, അമ്മയെന്റെ കൂടെ വന്നാൽ അച്ഛനെ ആരുനോക്കും. പിന്നെ ഞാൻ മല കയറുന്നതുപോലെ അമ്മയ്ക്കു കഴിയില്ല". അങ്ങനെ ചിന്നു വീട്ടിൽ നിന്ന് ഇറങ്ങി. ചിന്നു പാട്ടും പാടി പോവുകയായിരുന്നു. പെട്ടെന്ന് അവൾ ഒരു കുഴിയിൽ വീണു. അവൾ ഉറക്കെ നിലവിളിച്ചു. "രക്ഷിക്കു..രക്ഷിക്കു.. ആരെങ്കിലും എന്നെ രക്ഷിക്കണേ...." അവൾ നിലവിളിക്കുന്നതുകേട്ട് ബാലു എന്ന കരടി ഓടി വന്നു. "എന്താ പറ്റിയത് എങ്ങെനെയാ കുഴിയിൽ വീണത്?" "അത് ഞാൻ പറയാം, ആദ്യംഎന്നെ രക്ഷിക്ക് ". "ഇന്നാ ഈ വള്ളിയിൽ പിടിച്ചോ..." ചിന്നു കയറി വന്നു. ചിന്നു പറഞ്ഞു. "നന്ദി സുഹൃത്തെ.. നന്ദി..." എന്താ നിന്റെ പേര്?

"ബാലു". ബാലു പറഞ്ഞു. "എന്താ നിന്റെ പേര്...?" എന്ന് ബാലു ചോദിച്ചു. "ഞാൻ ചിന്നു". ചിന്നു പറഞ്ഞു. "നിന്റെ പേരിലുള്ള ഒരു സഹോദരി എനിക്കുണ്ട്". ബാലു പറഞ്ഞു. എന്നാൽ പിന്നെ കാണാം. ചിന്നു ഭക്ഷണം തേടിപ്പോയി. ഭക്ഷണവുമായി വീട്ടിലെത്തിയ ചിന്നു, നടന്ന കാര്യങ്ങളെല്ലാം അമ്മയോടു പറഞ്ഞു. അടുത്ത ദിവസം ബാലുവും ചിന്നുവും വീണ്ടും കണ്ടുമുട്ടി...

അവർ മലയിലേക്ക് പോയി. അവർ പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ട് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു. പിന്നീടുള്ള കാലം മുഴുവൻ അവർ സൗഹൃദബന്ധം നിലനിർത്തിക്കൊണ്ട് ജീവിച്ചു.





നൂരിയ റഹ്മ ഐ. ടി.

കവിത

# ചില്ലകൾ


എന്റെ-

ഇടത്തെ ചില്ലയിൽ
രഹസ്യങ്ങളുടെ
ആ കൂടുണ്ട്.
ആർക്കും
കല്ലെറിയാനാകാതെ
കവർന്നെടുക്കാനാവാതെ
സുരക്ഷിതമായി
അത്രയും ഉയരത്തിൽ
രാവേറെ വൈകി
വഴി തെറ്റിയ
നിനക്കുറങ്ങാൻ,
നോവിന്റെ നാരുകളോരോന്നും
പിഴുതെടുത്ത്
ഞാനൊരു പൂതപ്പുതന്നപ്പോൾ
കൂടുകൂട്ടാനറിയാതെ
രാപ്പക്ഷിയാണ്
നീയെന്നോതി
പുലരാൻ നേരം
പറയാതെ നീ പറന്നു പോയി........



കഥ

# *നന്മയുടെ പൂക്കൾ വിടർന്ന ഇലഞ്ഞി മരം*



വേനലവധിയ്ക്ക് തറവാട്ടിൽ നിൽക്കാൻ വന്നതായിരുന്നു ഉണ്ണിക്കുട്ടൻ. സ്കൂളിലെ രജിസ്റ്ററിൽ ധ്യാൻ എന്ന പേര് പതിഞ്ഞെങ്കിലും അവൻ എല്ലാവർക്കും എന്നും ഓമനത്തവും, കുസൃതിയും മാറാത്ത ഉണ്ണിക്കുട്ടനാണ്. ഉണ്ണിക്കുട്ടന്റെ അച്ഛന് ബാംഗ്ലൂരാണ് ജോലി. അമ്മ വീട്ടമ്മയാണ്. ഉണ്ണിക്കുട്ടൻ ഒറ്റ മകനും ആണ്. തറവാട്ടിൽ ബന്ധുക്കളെല്ലവരും ഒത്തുകൂടിയിരുന്നു. തറവാട്ടു പറമ്പിൽ ഒരു ഭീമൻ ഇലഞ്ഞി മരം ഉണ്ടായിരുന്നു. അസാമാന്യ വലിപ്പമുള്ള ആ ഇലഞ്ഞി മരത്തെ ഉണ്ണിക്കുട്ടൻ ഏറെ സനേഹിച്ചിരുന്നു. ഉണ്ണിക്കുട്ടൻ വേനലവധിക്ക വരുമ്പോഴേക്കും ഇലഞ്ഞി മരച്ചുവട്ടിലായിരിക്കും അധികസമയവും. അതിന്റെ പൂക്കൾക്ക് ഒരു പ്രത്യേകമായ മണം ആണ്. ഉണ്ണിക്കുട്ടൻ ഇലഞ്ഞിപൂക്കൾ പെറുക്കി മാല കോർത്ത് ഇടാറുണ്ട്.

ഈ വേനലവധിക്ക് വന്നപ്പോൾ ഇലഞ്ഞിമരം നേരത്തേ പൂവിട്ടിട്ടുണ്ട്. ഉണ്ണിക്കുട്ടന് ഏറ്റവും കൂടുതൽ ഇഷ്ടം അവന്റെ അമ്മയോടും, പിന്നെ ഇലഞ്ഞിമരത്തോടുമാണ്.

ഉണ്ണക്കുട്ടൻ ഇപ്പോഴും ഇലഞ്ഞിമരച്ചുവട്ടിലാണ്. ഒരിക്കൽ ശേഖരൻ മാമൻ ഇലഞ്ഞിമരത്തെ ഏറെ സൂക്ഷ്മതയോടെ നോക്കുന്നത് ഉണ്ണിക്കുട്ടൻ കണ്ടു. പിറ്റേന്ന്, തടിക്കച്ചവടം ചെയ്യുന്ന മാമച്ചൻ മുതലാളിയും, ശേഖരൻ മാമനും, മരം വെട്ടുകാരൻ കൊച്ചുണ്ണിയും കൂടി നിന്ന് എന്തൊക്കെയോ സംസാരിക്കുന്നത് ഉണ്ണിക്കുട്ടൻ കണ്ടു. രാത്രി അത്താഴം കഴിക്കാൻ എല്ലാവരും ഊണ് മുറിയിൽ ഇരുന്നപ്പോൾ ശേഖരൻ മാമൻ പറഞ്ഞു - നമ്മുടെ പറമ്പിലെ

ആ ഇലഞ്ഞിമരം, എന്താ അതിന്റെയൊരു വലിപ്പം. നല്ല തടിയുമാണ്. ഞാൻ നമ്മുടെ മാമച്ചൻ മുതലാളിയോട് കാര്യങ്ങൾ പറഞ്ഞു. അയാൾ തടി വാങ്ങാമെന്ന് ഏറ്റിട്ടുമുണ്ട്. നല്ല കാശും കിട്ടും. ഈ വെള്ളിയാഴ്ച്ച നമ്മുടെ മരം വെട്ടുകാരൻ കൊച്ചുണ്ണി വരും മരം വെട്ടാൻ: എന്താ ആർക്കെങ്കിലും വല്ല എതിർപ്പുമുണ്ടോ? ശേഖരൻ മാമന്റെ വാക്കുകൾ കേട്ടപ്പോൾ

ഉണ്ണിക്കുട്ടന്റെ മനം കിടുങ്ങി. താൻ വേനലവധിക്ക് പൂക്കൾ കോർത്ത് മാലയുണ്ടാക്കാറുള്ള, ആ ഇലഞ്ഞി മരം, അത് മുറിക്കുകയോ? ഉണ്ണിക്കുട്ടന്റെ ആ പിഞ്ചുഹൃദയം വേദനിച്ചു. എന്നാൽ ബന്ധുക്കളെല്ലാവരും മരം മുറിക്കുന്നതിന് സമ്മതം മൂളി. എന്നാൽ ഉണ്ണിക്കുട്ടന്റെ മനസ്സറിയാവുന്ന അവന്റെ അമ്മ അതിനെ ശക്തമായി എതിർത്തുകൊണ്ട് പറഞ്ഞു, "അത് വേണ്ടാ, മരം മുറിയ്ക്കണ്ടാ.... ഇത്രയും കാലം നമുക്ക് താങ്ങും തണലുമായിരുന്ന ആ മരം. അത് മുറിച്ചിട്ട് എന്ത് നന്മയാ നിങ്ങൾക്ക് കിട്ടാൻ പോണേയ്. എന്നാൽ ശേഖരൻ മാമൻ തന്റെ തീരുമാനത്തിൽ നിന്നും മാറിയില്ല. ഉണ്ണിക്കുട്ടൻ കരഞ്ഞുപറഞ്ഞു –"ന്റെ ശേഖരമ്മാമ്മനല്ലേ, ഇപ്പോ എന്തിനാ ആ മരം മുറിക്കണേ? അതവിടെ നിന്നോട്ടേ, മരങ്ങളെല്ലാം നശിപ്പിക്കപ്പെടുന്ന ഇക്കാലത്ത് ഈ ഒരു മരമെങ്കിലും വേണ്ടേ നമ്മുടെ നന്മ തിരിച്ചറിയാൻ. ഇത്തിരി കരുണ ആ മരത്തോട് കാണിച്ചൂടേ... " ഉണ്ണിക്കുട്ടൻ നിർത്തി. ഇതുകേട്ട് ശേഖരൻ മാമൻ കരഞ്ഞു പോയി. "എന്റെ ഉണ്ണിക്കുട്ടാ നിനക്ക് വേണ്ടി ഞാനാ മരം മുറിക്കാതിരിക്കാം. നീ പറഞ്ഞപ്പോഴാ അതിന്റെ നന്മ ഞാൻ മനസ്സിലാക്കിയത്". ശേഖരൻ മാമൻ പറഞ്ഞു. ഉണ്ണിക്കുട്ടന് സന്തോഷമായി. പറമ്പിലെ ആ ഇലഞ്ഞി മരം ഇനിയും പൂവിടും. ഇനി വരും പൂക്കാലത്ത്, അതെ "നന്മയുടെ ആ പൂക്കാലത്ത്."

***വൈഷ്ണവ് .എൻ***

കവിത

# തോരാമഴ

ഒരു തുള്ളി മുത്തായ്......



ഒരു നേർത്ത ചിരിയായ്
എന്നിലായ് ചേർന്നു നീ...
വിരഹിക്കും നേരം കരയാൻ എനി-
ക്കായ് കൂട്ടായ് വരുന്ന നീ കൂടെ...
ഒരു തുള്ളി നനവാൽ എൻ ഹൃദയ-
വാതിൽ നീ തുറന്നെന്നോ വന്നിരുന്നു.
അന്നു നീ എൻ മനോവാടിയിൽ
പ്രണയമെന്നൊന്ന് കുറിച്ചിരുന്നു.
അന്നു തൊട്ടിന്നു ഞാൻ അറിയുന്നു നി-
ന്നിലെ മധുരിക്കും നനവാർന്ന സൗന്ദര്യം
തനിച്ചിരിക്കും എൻ ഓർമകൾക്കു കൂട്ടായ്
വിരഹിക്കും എന്റെ മനസ്സിനു കൂട്ടായ്
എന്നും നീ മാത്രം വന്നിരുന്നു.
ഞൻ ഇന്ന് നിന്നിലായ് അലിയുന്നു മഴയായ്
എവിടെ നിന്നെന്നും നീ പൊഴിയുന്നു?
എവിടേക്കായ് നീ ഇന്നു പോവുന്നു?
നീ എന്നും വരുന്നു എന്റെ ഓർമകൾക്ക് കൂട്ടായ്
ഞാൻ ഇന്നു പോരുന്നു നിന്റെ കൂട്ടായ്
വിരഹിക്കും എന്റെ മനസ്സിലെ മുറിവിനെ നീ
വന്നു തൊട്ടപ്പോൾ നിഷ്ഫലമായി
നീ ഇന്നു പെയ്യുന്നു തോരാ മഴയായ്
എന്റെ വിരഹത്തെ മാറ്റിടുവാനായ് ഒരു തുള്ളി മുത്തായ്.
ഒരു നേർത്ത ചിരിയായ് എന്നിലായ് ചേരുന്നു നീ.........

-മിദ് ലാജ്

കവിത

# ഭൂമിയിലേക്ക് ഇറങ്ങുന്ന പവിഴമുത്തുകൾ



ഉമ്മറക്കോലായിൽ ഇരുന്നു ഞാൻ

തിമിർത്തു പെയ്യും മഴയെ ആസ്വദിപ്പൂ

ഭൂമിയിൽ പതുങ്ങുന്ന ദൈവത്തിൻ പവിഴമുത്തോ മഴ

വാനത്തിൻ കണ്ണീരോ

ഒരിക്കൽ ഞാനമ്മയോടാരാഞ്ഞു

അമ്മേ, ആകാശത്തെന്താ വെള്ളമുണ്ടോ?

നാം കാണാതെ മഴ എവിടെ

ഒളിച്ചു നിൽക്കുന്നു അമ്മേ

ദൈവം ഭൂമിക്ക് നൽകുന്ന

ശാപമോ മഴ

വരണ്ട ഭൂമിക്കത്

ദാഹ നീരാകുന്നു

പ്രളയമോ അമ്മേ

നിറഞ്ഞ തോടുകളുള്ള നാടിനത് ശാപവുമാകുന്നു

ഉണങ്ങിയ വിത്തുകൾക്കത്

പുത്തനമ്മേഷവും

ചോരുന്ന വീടിനത്

കണ്ണീരും കനലും ദാഹിക്കും നീരും

കഴുത്തറ്റം മുങ്ങി കരകയറാൻ വെമ്പുന്ന

മനുഷ്യനോ ശാപവും

പെട്ടെന്നൊരു മുഴക്കവും അമ്മേ...

വാരിപ്പുണർന്നു ഞാൻ പെറ്റമ്മയെ


നെൽകൃഷിക്കനുഗ്രഹം മഴ


ജീവികൾക്കാനന്ദം മഴ.........

അവന്തിക . എ.പി.

# മഹദ്‌വചനങ്ങൾ


സത്യം കയ്പ്പുള്ള മരുന്നാണ്
അതിന്റെ ഫലം മധുരവും.
-റൂസ്സോ







വിരോധത്തിലൂടെ വിരോധം
ശമിക്കുകയില്ല.
-ശ്രീബുദ്ധൻ

സ്വഭാവം വൃക്ഷത്തെപ്പോലെയും
കീർത്തി അതിന്റെ നിഴൽ
പോലെയും ആണ്.
-എബ്രഹാം ലിങ്കൻ



വായന മനുഷ്യനെ പൂർണമാക്കുന്നു.
-ബേക്കൺ



പൂവിന് സുഗന്ധം പോലെയാണ്
മനുഷ്യന് വ്യക്തിത്വവും.
-ചാൾസ്

എല്ലാഅബദ്ധങ്ങളുടേയും
കാരണം അഹങ്കാരമാണ്.
-ജോൺ റസ്കിൻ

മനുഷ്യന്റെ പരിപൂർണ വളർച്ച
യാണ് വിദ്യാഭ്യാസം.
-അരിസ്റ്റോട്ടിൽ





എളിമയുള്ളവന്റെ ജീവിതം
തെളിമയുള്ളതാണ്.
-ഗാന്ധിജി




വിവേകമില്ലാത്ത മനുഷ്യൻ
സുഗന്ധമില്ലാത്ത പൂ പോലെ
വലിച്ചെറിയപ്പെടുന്നു.
-വിവേകാനന്ദൻ




സത്യം സ്വത്തിനേക്കാൾ വില
പിടിച്ച മൂലധനമാണ്.
ജീവിത യാത്രയിൽ അത് ചെക്ക
ബുക്കിനേക്കാൾ ഉപകരിക്കും.
-വി. ടി.

# പ്രശസ്ത കവിതാശകലങ്ങൾ

എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം
(കുഞ്ഞുണ്ണി മാഷ്)




മുന്നോട്ടു പോക നാം മുന്നോട്ടു പോക നാം
മുന്നേട്ടു പോക നാം ലോകമേ നിർഭയം
കുന്നോ കുഴികളോ മാർഗ്ഗങ്ങളിൽ കണ്ടു
പിന്നോക്കമേതും തിരിക്കേണ്ട നാം പദം
(കെ.കെ കുട്ടമത്ത്)
(പുരോഗമനം)



ആയി ഠായി മിഠായി
തിന്നുമ്പോഴെന്തിഷ്ടായി
തിന്നു കഴിഞ്ഞാൽ കഷ്ടായി.
(കുഞ്ഞുണ്ണി മാഷ്)


നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻ പുറം നന്മകളാൽ സമൃദ്ധം
(കുറ്റിപ്പുറം)
(ഗ്രാമീണകന്യക)



മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ
(കുമാരനാശാൻ)




പുരുഷനോടൊപ്പം സ്ത്രീയും സ്വാതന്ത്ര്യം
കൈകൊള്ളട്ടെ
പേറട്ടെ സീമാദരം രണ്ടുകൂട്ടരും സമം
(ചിത്രശാല)                    (ഉള്ളൂർ)




പ്രേമദമാകും പ്രമദവനം താൻ
ശ്യാമള സുന്ദരമെന്നുടെ രാജ്യം
മലയജ സുരഭില മാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം
(ബോധേശ്വരൻ)

അഖിലാണ്ഡ മണ്ഡലമണിയിച്ചൊരുക്കി
അതിനുള്ളിലാനന്ദ ദീപം കൊളുത്തി
പരമാണു പൊരുളിലും സ്ഫുരണമായ് മിന്നും
പരമ പ്രകാശമേ ശരണം നീ നിത്യം
(ഉപസാന)                    (പന്തളം കെ.പി രാമൻ പിള്ള)



അനന്തമജ്ഞാതമവർണനീയം
ഈ ലോക ഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു
(കണ്ണുനീർതുള്ളി)                    (നാലപ്പാട്ട് നാരായണമേനോൻ)

കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ
വംശമോ
ദൃഷ്ശ്രീ തനധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെപ്പുക്കസ്തമിക്കുന്നി
ങ്ങിഷ്ടന്മാർ പിരിയുന്നു. ഇവിടെയാണാദ്ധ്യാത്മ വിദ്യാലയം
(പ്രരോദനം)                    (കുമാരനാശാൻ)



ജീവിത യാഥാർത്ഥ്യത്തിൻ കല്ലവൽ വാരിത്തിന്ന്
പാവങ്ങൾക്കിവിടെ ഞാൻ സ്വർണമേടകൾ തീർക്കും
ഏതെഴാം നിലവിൽ ഞാൻ നിന്നാലും താഴെക്കണ
മേഴയെയിറങ്ങിച്ചെന്ന ശേഷിച്ചുയർത്തും ഞാൻ

(കണ്ണൻ) (വി.ടി. കുമാരൻ)




ഇന്നലെയോളമെന്തെന്നറിഞ്ഞില്ല
ഇനി നാളെയുമെന്തെന്നറിഞ്ഞീല
(ജ്ഞാനപ്പാന) (പൂന്താനം)

നൽകുന്നതാണ് മുതൽ നേടുവല്ല, ചത്തു
പോകുന്ന നേരമതു കൂടെ വരുന്നതുണ്ടോ
(കൊച്ചി ചെറിയ ശക്തൻ തമ്പുരാൻ)

ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ
(വള്ളത്തോൾ)

ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ.
(കിളിക്കൊഞ്ചൽ) (വള്ളത്തോൾ)

ലോകമേ തറവാട്
തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും
കൂടിത്തൻ കുടുംബക്കാർ
ത്യാഗമെന്നതേ നേട്ടം
താഴ്മതാന്നഭ്യുന്നതി
(എന്റെ ഗുരുനാഥൻ, വള്ളത്തോൾ)



കാട്ടിലെ സാമ്രാട്ടായ് സർവ്വത്ര കൈയൂക്ക
കാട്ടിത്തിമിർക്കുന്ന കേസരിയെ
നിർത്തിത്തളയ്ക്കുന്നു താമര നൂൽ കൊണ്ടേ
നിത്യം തിരിയുന്ന കാലചക്രം
(ചക്രഗാഥ, വള്ളത്തോൾ)

ജനനീ ജന്മഭൂമിശ്ച
സ്വർഗാദപി ശരീയസി
(വള്ളത്തോൾ)

സമ്പാദനം : സുമയ്യ.എൻ

കവിത

# ഭൂമിയുടെ കാർമേഘം

കാർമേഘം കരയുന്നത് കണ്ട -
മനുഷ്യർ എല്ലാം സന്തോഷിക്കുന്നു.
കാർമേഘം കോപം വന്ന് പെയ്യുന്ന
മഴകൾ മനുഷ്യർക്ക് സന്തോഷം നൽകുന്നു.

കെട്ടി കിടക്കുന്ന ചാലുകളും പുഴകളും
മലിനമാകുന്നു മനുഷ്യരെല്ലാം
പെയ്ത് ഇറങ്ങുന്ന മഴകൾ
ചാലിനും പുഴകൾക്കും സന്തോഷമാവുന്നു.

ചൂടാവുന്ന ഭൂമി പറയുന്നു -
കാർമേഘ കണ്ണുനീരെ..........
കർമേഘമേ നീ പൊട്ടി പോയാൽ
ഇനി എങ്ങനെ ഞാൻ ജീവിക്കും
നീ ഇല്ല എങ്കിൽ ഞാൻ
വെറും വെണ്ണീർ ആയിടും.

-ഫബ്ന



ലേഖനം

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

### ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

### രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും

നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തു കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

## സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്ക ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂബിന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ.

ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

## മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

## ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യാസ്തിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി.

വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

**ആധുനികതയ്ക്കു ശേഷം**

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

**ഉത്തരാധുനികത**

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

കഥ

# മായത്ത പൂമൊട്ട്

പാഞ്ഞു വന്ന ഈ പൂക്കാലം ഒരു സംഭവം തന്നെയാണ്. മനസ്സിലെ കുളിർമ്മയും ശാന്തതയും നന്മയും നിറഞ്ഞതാണ് ഈ പൂക്കാലം. കൺമുന്നിൽ വന്ന് നിൽക്കുന്ന ആ പൂക്കാലം കാണുമ്പോൾ മനസ്സിൽ സന്തോഷം. അത് മാഞ്ഞു പോകുമ്പോൾ സങ്കടവും മനസ്സിൽ നിറഞ്ഞ ആ സ്വപ്നം മായാതിരിക്കുമ്പോഴാണ് നമ്മുടെ യഥാർത്ഥ പൂമൊട്ട് എന്ന പൂക്കാലം ഒരു സംഭവമായി നിൽക്കുക. സങ്കടം വരുമ്പോൾ ആ പൂമൊട്ടിലേക്ക് ഒന്ന് നോക്കിയാൽ മതി. സങ്കടം പോയ വഴി കാണില്ല. മറ്റുള്ളവർ സഹായം അഭ്യർത്ഥിക്കുമ്പോൾ നമ്മൾ സഹായിക്കുമ്പോഴും മനസ്സിൽ നിറഞ്ഞ ഈ പൂമൊട്ട് നമ്മുടെ മുന്നിൽ ഒരു അതിഥിയായി വന്നിരിക്കും. ആ അതിഥി ആരാണെന്ന് നിങ്ങൾക്ക് അറിയാമോ? അതാണ് നന്മയുടെ ഉടമയായ പൂക്കാലം. ഈ പൂക്കാലം കാണാൻ എത്തിയ ഒരു അതിഥിയുണ്ട്. അത് ആരാണെന്നോ? അതാണ് അപ്പു എന്ന മിട്ടുമിട്ടുക്കൻ. കണ്ടാൽ ഭയങ്കരനും, സുന്ദരനും ആണ്. ഈ പൂക്കാലം കാണാൻ ആർത്തിയോടെ വന്നതാണ് ഈ സൂത്രക്കാരൻ. വൈകുന്നതിനു മുമ്പ്  പൂവ് പറിക്കണം എന്നൊരു ആശ അപ്പുവിന് ഉണ്ടായിരുന്നു. പക്ഷേ അപ്പുവിന്റെ ആ ആഗ്രഹം  സാധിച്ചില്ല. കാരണം അപ്പു ആ പൂക്കാലം പോയതറിഞ്ഞില്ല. മായാത്ത പൂക്കാലം നമുക്ക് കാത്തിരിക്കാം. പൂമൊട്ട് എന്ന ഒരു കൊച്ചുകാലം അതിഥിയായി വന്ന അപ്പുവിന്റെ ആഗ്രഹം നടന്നില്ല. പാവം അപ്പു സങ്കടം ഒറ്റയ്ക്ക് തീർത്തെ പറ്റൂ.

പാഞ്ഞു വന്ന പൂക്കാലം എന്ന ഒരു പൂമൊട്ട് എന്ന ഒരു കൊച്ചു കഥയാണിത്. പറഞ്ഞാൽ തീരാത്ത ഒരു പൂമൊട്ട് കാലമാണിത്.



-ഷാഹില . കെ.പി

ഉപന്യാസം

# മായാത്ത പ്രകൃതി പാഠങ്ങൾ

പ്രകൃതിയുടെ വരദാനമാണ് നമ്മൾ. പ്രകൃതിയെ നമ്മൾ ദ്രോഹിച്ചു കൊണ്ടിരിക്കുകയാണ്. എന്നുവച്ചാൽ പ്രകൃതിയെ കൊന്നു തിന്നുകയാണ് പ്രകൃതിയെ നമ്മൾ ഉപദ്രവിക്കുമ്പോൾ പ്രകൃതി നമുക്കു തന്ന പാഠങ്ങളാണ് നമ്മൾ അനുഭവിക്കുന്നത്. നമ്മൾ മനുഷ്യർക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. അതുകൊണ്ടാണ് പ്രളയം കാരണം നമ്മുടെ കേരളം മുങ്ങിയത്. അത് നമ്മുടെ മനസ്സിൽ ഒരു മായാത്ത ഓർമ്മയായി മാറുമായിരിക്കും. പ്രകൃതിയുടെ വരദാനമാണ് അത് നമ്മൾ ഒർക്കുകയില്ല. കാരണം നമ്മുടെ പ്രകൃതിയോട് നമ്മുടെ സഹപാഠികൾക്ക് ഇത്ര സ്നേഹമെ ഉള്ളൂ. ഇനി പ്രകൃതിക്ക് നമ്മളോട് ഒന്നേ പറയാനുള്ളൂ. ഇനി എന്നേ രക്ഷിക്കേണ്ടത് നിങ്ങളാണ്. ദൈവം തന്ന വരദാനമാണ് പ്രകൃതി.

....................................

-അനൽ. എൻ

കവിത

## വാർമേഘതാരം

വർഷമേഘങ്ങൾ പീലി നീർത്തുമ്പോൾ
കാറ്റിൽ മഴ തുള്ളി തുള്ളിയായ്
നൃത്തമാടി വരുന്നു. തണ്ണനീർ
മുത്തുകൾ പോലെ അത്
പുൽക്കൊടികളിൽ അലങ്കാരമാകുന്നു.
ആകാശത്തു നിന്ന് മണിരത്നങ്ങൾ ചിന്നി-
ചിതറുന്ന പോലെ ഭൂമിയുടെ മാറിൽ മഴ
വന്നു ചേരുന്നു. പുലരിയുടെ നാണത്തിന്റെ
തേൻതുള്ളിയായ് മഴ എത്തുന്നു.
തണുവായ് പെയ്ത് തണുവായ് തോരുന്നു.
മഴയെന്നും മനസ്സിൽ കുളിരു നിറയ്ക്കുന്നു. പൂവിൻ
ഇതളിലെ മഞ്ഞുതുള്ളികളിൽ മാധുര്യം
നിറയ്ക്കുന്നു. സൂര്യമാനസം മഴയുടെ
കുളിരിൽ ഉറക്കമണയുന്നു.

വാനിലെ താരമാണ് മഴ....

-മന്യ. എം.കെ




© Can Stock Photo - csp34220568

സ്നേഹം പ്രകടിപ്പിക്കൽ

അഭിപ്രായം മാനിക്കൽ

മാതൃകാ ശിക്ഷണം

മുൻ വിധി

ആത്മ നിയന്ത്രണം

കുടുംബ വഴക്ക്

ഉപദേശവും മാതൃകയും

അമിത സ്നേഹം ?

ഭക്ഷണം ,അമിതവും അനുചിതവും

പരിഗണന

ചെറിയ തെറ്റിന് വലിയ ശിക്ഷ ?

ഹിറ്റ്ലർ ഉണ്ടാവരുത് ?!

കഴിവും അഭിരുചിയും

കഥ

# സൗഹൃദമുള്ള കൂട്ടുകാരി

*എന്റെ കൂട്ടുകാരിക്ക് നല്ല മനസ്സാണ്. എല്ലാവരെയും സഹായിക്കാനുള്ള മനസ്സ് അവൾക്കുണ്ട്. അവൾക്കൊരു മിഠായി കിട്ടിയാൽ അവൾ അത് എല്ലാവർക്കും വീതിച്ച് കൊടുക്കും. അത് ഒരു മിഠായി ആണെങ്കിലും ശരി. ഒരു കുട്ടിക്ക് പേനയോപെൻസിലോ ഇല്ലെങ്കിൽ അവളുടെ കൈവശം രണ്ടെണ്ണമുണ്ടെങ്കിൽ അവൾ അതിൽ നിന്ന് ഒരെണ്ണം എടുത്ത് കൊടുക്കുകയും ചെയ്യും. ഒരു കുട്ടിക്ക് നടക്കാൻ കഴിയില്ലെങ്കിൽ അവൾ ആ കുട്ടിയെ സഹായിക്കും. അങ്ങനെ മറ്റുള്ളവരോട്കരുണയും സ്നേഹവുമുള്ള എന്റെ ഉറ്റ ചങ്ങാതിയാണവൾ.*

*-സാബിറ*



കഥ

# ശ്രമിക്കുക! വീണ്ടും ശ്രമിക്കുക!

അമ്മു നന്നായി പഠിക്കുന്ന കുട്ടിയാണ്. പക്ഷേ അവൾ എത്ര പഠിച്ചിട്ടും അവൾക്ക് ക്ലാസിൽ മികവ് പുലർത്താൻ കഴിയുന്നില്ല. എപ്പോഴും അവളുടെ മാർക്കുകൾ ശരാശരി തന്നെ. അങ്ങനെ സ്കൂളിൽ ക്രിസ്തുമസ് പരീക്ഷയും കഴിഞ്ഞു. സ്കൂളിൽ ക്രിസ്തുമസ് അവധി പ്രഖ്യാപിച്ചു. ക്രിസ്തുമസ് അവധിയും കഴിഞ്ഞു. അങ്ങനെ അമ്മു അവധി കഴിഞ്ഞ് സ്കൂളിലേക്ക് വന്നു. ക്ലാസിലേക്ക് കയറി. അവളുടെ കൂട്ടുകാരൊക്കെ അവളോട് പറഞ്ഞു. ഇന്ന് പരീക്ഷപേപ്പർ ലഭിക്കും, നിനക്ക് നല്ല മാർക്കുണ്ടാവുമോ? അമ്മു ഒന്നും മിണ്ടിയില്ല. പിന്നെ അവൾ പറഞ്ഞു, എല്ലാം ദൈവത്തിന്റെ കയ്യിൽ. അങ്ങനെ ബെല്ലടിച്ചു. ഫസ്റ്റ് പിരിയഡ് ബയോളജിയാണ്. അവൾ ആകെ പരിഭ്രമിച്ചു. കാരണം വിനുമാഷ് ആൻസർ പേപ്പറുമായിട്ടാണ് ക്ലാസിലേക്ക് വരുന്നത്. എല്ലാവരുടെയും മുഖം വാടി. അമ്മു പ്രതീക്ഷയോടെ ഇരുന്നു. അവൾ സ്വയം മനസ്സിൽ കരുതി. ഞാൻ സത്യസന്ധമായിട്ടാണ് പഠിച്ചത്. എനിക്ക് മാർക്ക് കിട്ടാതിരിക്കില്ല. അങ്ങനെ വിനുമാഷ് ആൻസർ പേപ്പർ കൊടുക്കാൻ തുടങ്ങി. പെട്ടെന്ന് അമ്മു എന്ന് വിളിച്ച് വിനുമാഷ് പറഞ്ഞു. എന്താ അമ്മു കഴിഞ്ഞ പ്രാവശ്യം നല്ല മാർക്ക് മേടിച്ചതിന് ഈ പ്രാവശ്യം നിനക്ക് മോശമായോ? അവൾ ആകെ പേടിച്ചു. അവൾ പറഞ്ഞു. സർ, ഞാൻ നല്ലവണ്ണം പഠിച്ചിരുന്നു. പക്ഷേ....... അമ്മു തേങ്ങിക്കരയാൻ തുടങ്ങി. വിനു മാഷിന് അവളോട് ദയ തോന്നി. വിനുമാഷ് പറഞ്ഞു സാരമില്ല നമുക്ക് അടുത്ത പ്രവിശ്യം ഉഷാറാക്കാം.

അവൾ അന്ന് വീട്ടിൽ പോയി ദൈവത്തെ കുറ്റപ്പെടുത്തി......അവൾ ദൈവത്തിനോട് പ്രാർത്ഥിച്ചു. ദൈവമേ നീയല്ലേ പറയാറുള്ളത് അധ്വാനിച്ചതിന് പ്രതിഫലം ലഭിക്കുമെന്ന്. എന്നിട്ട് എനിക്കെന്താ ഇങ്ങനെ? അവൾ വീണ്ടും കരഞ്ഞു. അവൾക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ പിറ്റേദിവസം ഞായറാഴ്ച അവൾ അവളുടെ ആന്റിയോട് എല്ലാം പറഞ്ഞു. ആന്റി അവളെ സമാധാനിപ്പിച്ചു. ആന്റി പറഞ്ഞു, ഇത് ഒമ്പതാം ക്ലാസാണ്. മാർക്ക് വരും പോകും നീ കാര്യമാക്കേണ്ട. എന്നാൽ അടുത്ത പ്രാവശ്യം നീ പത്തിലാണ് അവിടെയാണ് നീ നന്നായി ശ്രദ്ധിക്കേണ്ടത്. അതിൽ നീ full A+ വാങ്ങാൻ നോക്ക്. അവിടെയാണ് നിന്റെ മാർക്ക് എല്ലാവരും ചോദിക്കുക. അങ്ങനെ അമ്മു ആന്റിയിൽ നിന്നും ആശ്വാസം കൊണ്ടു. അങ്ങനെ ആന്റിയുടെ അടുക്കൽനിന്ന് മടങ്ങി. വഴിയിൽ വച്ച് അവൾ കാഴ്ച കണ്ടു. ഒരു പിച്ചക്കാരി പെൺകുട്ടി. അവളുടെ അത്ര പ്രായം തോന്നിക്കും. കയ്യിൽ ഒരു പാത്രവും പിടിച്ച് തെരുവിലൂടെ നടക്കുന്നു. വഴിയാത്രക്കാർ അതിൽ പൈസ ഇടുന്നു. ഈ കാഴ്ച കണ്ടപ്പോൾ അമ്മുവിന്റെ മനം നൊന്തു. അവൾ അവളുടെ പേഴ്സിൽ നിന്നും ആ

ഭിക്ഷപാത്രത്തിലേക്ക പൈസ ഇട്ടു. അവൾ പിച്ചക്കാരിയോട് ചോദിച്ചു. നിന്റെ വീടെവിടെയാ? അവൾ ഒന്നും മിണ്ടിയില്ല. നീ സ്കൂളിൽ പോകുന്നുണ്ടോ? ഇത് കേട്ടയുടനെ ആ പിച്ചക്കാരി പെൺകുട്ടി പറഞ്ഞു. എനിക്ക് അച്ഛനും അമ്മയും ഇല്ല. ഞാൻ അനാഥയാണ്. അതുകൊണ്ട് എന്റെ ചെറിയ സഹോദരിയെ പോറ്റാൻ വേണ്ടി എന്റെ സ്കൂൾ പഠനം ഞാൻ ഏഴാം ക്ലാസിൽ നിന്നും നിർത്തി. ഇപ്പോൾ ഈ തെരുവുകാശുകൊണ്ടാണ് എന്റെ സഹോദരിയുടെ കാര്യം നിറവേറ്റുന്നത്.ഇത് കേട്ടയുടനെ അമ്മു ആകെ തളർന്നു. തന്റെ പേഴ്സിൽ നിന്ന് 500 രൂപയും കൂടി ആ സഹോദരിയുടെ ഭിക്ഷാപാത്രത്തിലിട്ടുകൊടുത്തു. ആ പെൺകുട്ടിക്ക് സന്തോഷമായി. അവൾ പറഞ്ഞു. നിനക്ക് ദൈവം നിന്റെ ഭാവിയിൽ നല്ലത് തരും.

അങ്ങനെ അന്ന് രാത്രി അമ്മു ദൈവത്തെ സ്തുതിച്ചുകൊണ്ട് അവളുടെ മനസ്സിൽ സ്വയം പറഞ്ഞു. എനിക്ക് എല്ലാ സൗകര്യങ്ങളുമുണ്ട് സ്കൂളിലും വീട്ടിലും. പഠനത്തിൽ ഉന്നതയിലേക്ക് എത്താൻ കഴിയുന്നില്ല എന്നൊള്ളൂ. എന്നാൽ തന്നെ എനിക്ക് ആവശ്യത്തിനുള്ള മാർക്കുണ്ട്. ഏതിലും പരാജയപ്പെട്ടിട്ടില്ലല്ലോ. പക്ഷേ ആ പെൺകുട്ടി അവൾക്ക് ഈ പ്രായത്തിൽ പഠിക്കാൻ പോലും കഴിയുന്നില്ല. ഒരു നേരത്തെ ആഹാരത്തിന് വേണ്ടിയാണ് ആ കുട്ടി സ്കൂൾ പഠനം ഒഴിവാക്കിയത്. അവളെ വെച്ച് നോക്കുമ്പോൾ ഞാൻ എത്ര ഭാഗ്യവതിയാണ്. നന്നായി പഠിപ്പുണ്ടായിട്ട് മാത്രം കാര്യമില്ല. ആദ്യം വേണ്ടത് ജീവിതത്തിൽ ഐശ്വര്യവും സമാധാനവുമാണ്. അതുണ്ടായാലേ സമൂഹത്തിൽ സംതൃപ്തിയുള്ളൂ. അങ്ങനെ പിറ്റേദിവസം അവൾ സ്കൂളിലേക്ക് പോയി. ആൻസർ പേപ്പർ വേറെയും കിട്ടി. അവൾ മാർക്കൊന്നും കാര്യമാക്കിയില്ല. എല്ലാം ദൈവം തരുന്ന മാർക്കാണ്എന്ന് പറഞ്ഞു. അവളുടെ സ്വയം കഴിവിൽ തന്നെ അവൾ തൃപ്തിപ്പെട്ടു. പിന്നീട് അമ്മു ഒരിക്കലും ദൈവത്തെ കുറ്റപ്പെടുത്തിയില്ല.



ലേഖനം



# വിദ്യാഭ്യാസത്തിൽ വാർത്താവിനിമയങ്ങളുടെ പങ്ക്

*അറിവുകൾ ക്രമമായി സ്വീകരിക്കുമ്പോഴാണ് പഠനം എന്ന പ്രക്രിയ ഉണ്ടാകുന്നത്. പഠനം എന്നത് ഉരുവിട്ട് പഠിക്കുക എന്നത് മാത്രമല്ല സമൂഹത്തിൽ നാം കാണുന്ന ചില വസ്തുക്കൾ പോലും പഠനത്തിനായി നമുക്ക് സഹായകമാണ്. ഏതൊരു വിദ്യാർത്ഥിയും തനിക്കൊത്ത വിധത്തിലുള്ള അറിവാണ് സ്വീകരിക്കുന്നത്. അതായത് ഒരു കുട്ടി പഠിക്കുന്ന രൂപത്തിൽ ആകില്ല മറ്റൊരു കുട്ടി പഠിക്കുന്നത്. ചില കുട്ടികൾ കണ്ടു പഠിക്കുന്നു. ചിലർ വായിച്ചു പഠിക്കുന്നു. മറ്റുചിലർ കേട്ടു പഠിക്കുന്നു. മറ്റൊന്നിന്റെ സഹായം കൊണ്ട് പഠിക്കുന്ന കുട്ടികളുമുണ്ട്. ഉദാ:സ്കൂൾ മാസ്റ്റർ, കോച്ചിങ് ക്ലാസ്, വാർത്തവിനിമയങ്ങൾ തുടങ്ങിയവ. ഇങ്ങനെ ലോകത്തിന്റെ പഠന സങ്കൽപ്പങ്ങൾ മാറിവന്നതിലൂടെയാണ് വാർത്താ വിനിമയങ്ങളുടെ പങ്ക് വിദ്യാഭ്യാസത്തിൽ വർധിച്ചത്. കാലങ്ങൾക്ക് മുമ്പുള്ള ചെറിയ കാര്യങ്ങൾ മുതൽ ഇപ്പോൾ ലോകത്ത് നടക്കുന്ന കാര്യങ്ങളും ഇനി വരാൻ പോകുന്ന ജീവിത രീതികളും വീട്ടിലെ മുറിക്കുള്ളിൽ ഇരുന്ന് നമുക്ക് നേടാൻ സാധിക്കും. പത്രവും റേഡിയോയും ടി.വിയും ഏറ്റവും പുതിയതായ വിജ്ഞാനങ്ങളും ഇതിനായി നമ്മുടെ മുന്നിൽ എത്തുന്നു. ഒരു ചെറിയ കാര്യം അറിയാൻ ഒരു പുസ്തകം മുഴുവൻ മറിക്കേണ്ട അവസ്ഥ ഇന്നില്ല. നമുക്ക് ആവശ്യമായവ മാത്രം ഇന്റർനെറ്റിലൂടെ നേടിയെടുക്കാവുന്നതാണ്. അറിവിന്റെ കൃത്യത, സമയ ലാഭം തുടങ്ങിയ പല ഗുണങ്ങളും ലഭിക്കുന്നുവെങ്കിലും വിജ്ഞാനത്തെ ഒരു ഭാഗത്തേക്കു മാത്രമായി മാറ്റിനിർത്തപ്പെടുന്നു എന്നതും നാം ചിന്തിക്കേണ്ടതുണ്ട്. ആവിശ്യമില്ലാത്ത ഒരു പുസ്തകത്തിൽ നമുക്ക് ആവിശ്യമായതിനെ തിരയുമ്പോൾ ഓരോ പേജുകളിൽ നിന്നും പല അറിവുകളും നേടാൻ നമുക്ക് സാധിക്കുന്നു. എന്നാൽ ഇന്റെർനെറ്റ് പോലെയുള്ള സാമൂഹിക മാധ്യമങ്ങൾ നിലവിൽ വന്നപ്പോൾ ആവശ്യമായവ മാത്രം നാം തേടുന്നു.*

*എല്ലാ കാര്യങ്ങൾക്കുമുള്ളതുപോലെ വാർത്താമാധ്യമങ്ങൾക്കുമുണ്ട് നല്ലവശവും ചീത്തവശവും. 5-ാം ക്ലാസ് വിദ്യാർത്ഥിക്കു മുതൽ IAS ഓഫീസർക്കുവരെ അത്യാവിശ്യമായ ഘടകമാണ്പത്രം. വാർത്താമാധ്യമത്തിന്റെ മറ്റൊരു ശാഖയാണ്ഇന്റെർനെറ്റ് , ഇതുവഴി ഓൺലൈൻ ട്യൂഷ്യനും സാധ്യമായിക്കഴിഞ്ഞു. ഇങ്ങനെയെല്ലാം വാർത്താമാധ്യമങ്ങൾ വിദ്യാഭ്യാസത്തിനും വലിയ പങ്ക് വഹിക്കുന്നു.*

*-നസ്‌ല*

കവിത

# മഴയുടെ സഞ്ചാരം

മഴക്കുമുണ്ടായിരുന്ന എന്നെ പോലെ ഒരു മുഖം
അതിന്റെ ഒരോതുള്ളിയും ആശ്വാസ സമൃദ്ധമാണ്
അതിന്റെ ഒരോ മുന്നേറ്റവും എന്റെ മുന്നേറ്റത്തിന്റെ
പ്രതീകമാണ്
മഴത്തുള്ളിക്കൊരു ലക്ഷ്യമുണ്ടാകും
ഞാനതിന്റെ ലക്ഷ്യത്തിലൂടെ സഞ്ചരിച്ചു
അതിന്റെ പാതയിലൂടെ സഞ്ചരിച്ചു
അങ്ങനെ മഴയുടെ മനസ്സാകണം നമ്മുടേത്
ഒഴുകണം ഒഴിക്കൊണ്ടേ ഇരിക്കണം
തങ്ങരുത് തടയരുത് ഒഴുകണം
തടഞ്ഞാൽ എന്റെ ജീവിതത്തിന്റെ
ഒഴുക്കും ഇല്ലാതായെന്ന് വരും
എവിടെ നിന്ന് വന്ന നീ
പൂക്കളിൽ തട്ടി പുഴകളിൽ ഒഴുകി വന്ന നീ
മഴയുടെ കുളിര് ആസ്വദിക്കണമെങ്കിൽ
മനസ്സ നന്നാവണം.
എവിടെ നിന്ന വന്നതെന്ന് അറിയില്ല
എവിടേയ്ക്കുപോകുന്ന എന്നറിയില്ല
ഒന്നമറിയില്ല... ആരോ ....എന്തോ...
എന്തൊക്കെയോ പറയുന്ന..



കവിത

## പ്രളയ മഴ

മഴ പെയ്യും രാവിൽ
മല വിങ്ങി നോവിൽ
അറബിക്കടൽ ഇരമ്പി കയറി
പെരിയാറിൻ തീരം തേങ്ങി
മനമൊന്നായ് ചാരെ മതമെങ്ങോ ദൂരെ
മലയാളം ഒരമ്മയായ് ...സ്നേഹമായ്
കാരുണ്യമായ് ചേർത്തു.
ഓരോ സുഖവും ഓരോ ജീവനെ തേടി തേടി
ഭൂമിയുടെ  മടിയിൽ നാം ഒന്നായ്
ഉള്ളുനിറഞ്ഞു കണ്ണുതുറന്നു-
ദൈവത്തിൻ നാടായ്...
കരളുറച്ച കേരളം.
കൈകൾ വിറച്ച കേരളം...
നിൻ താരാട്ട് ഗീതം ഒരു അമർച്ചയായ്  മാറുന്നു...





IQ.Question...
ഇതൊന്ന് മലയാളത്തിൽ
കൂട്ടി വായിക്കാമോ?
8
സ്യ
ദ്ദ


കുസൃതി ചോദ്യം
ധൈര്യം മുള്ളവർ പറയൂ
ഈ ചിത്രങ്ങൾക്കിടയിൽ ഒരു സ്ഥലപ്പേര്
ഒളിച്ചിരിപ്പുണ്ട് എന്താണെന്ന് പറയാമൊ????
പെട്ടന്ന് പറയൂ


Positive Thought
HindiOnWeb
Leads To Success


I
CAN
DO IT


IAS exam question
4+7+2 = 281435
7+3+9 = 212781
6+2+7 = 121456
2+8+5 = 164036
8+4+6 = ??????
?


JRC
JRC
JRC
JRC
JRC
JRC
JRC
JRC
JRC


ASSEMBLY


SMART CLASS


CHILDRENS' DAY


മലപ്പുറം ഉപജില്ലാ ഗെയിംസിൽ
ഓവറോൾ ചാമ്പ്യന്മാരായ പുല്ലാനൂർ സ്ക്കൂൾ ടീം.
സീനിയർ ബോയ്സ് ഹാന്റ് ബോൾ വിന്നേഴ്സ്
ജൂനിയർ ബോയ്സ് വോളിബോൾ റണ്ണേഴ്സ്
സീനിയർ ബോയ്സ് ഷട്ടിൽ റണ്ണേഴ്സ്
ജൂനിയർ ബോയ്സ് ഹാന്റ്ബോൾ റണ്ണേഴ്സ്
സീനിയർ ബോയ്സ് ഖൊ-ഖൊ റണ്ണേഴ്സ്
സീനിയർ ഗേൾസ് ഹാന്റ്ബോൾ വിന്നേഴ്സ്
ജൂനിയർ ബോയ്സ് ഖൊ-ഖൊ റണ്ണേഴ്സ്
സീനിയർ ബോയ്സ് കബഡി വിന്നേഴ്സ്
സബ് ജൂനിയർ കബഡി റണ്ണേഴ്സ്
ജൂനിയർ ബോയ്സ് കബഡി വിന്നേഴ്സ്
സീനിയർ ഗേൾസ് ഖൊ-ഖൊ റണ്ണേഴ്സ്


181







# THANKYOU

little KITEs